കണ്ടുപിടിക്കാമെന്ന ഒരു ധാരണയാണ് ഉണ്ടായിരുന്നത്. ഏതായാലും ഈ സഭയുടെ കാലാവധി തീരാൻ പോകുകയാണ്. വരാൻ പോകുന്ന സഭയിലെങ്കിലും ഇത്തരം അനുഭവം ഉണ്ടാകാതിരിക്കാൻ ഒരു വ്യക്തമായ റൂളിംഗ് ഉണ്ടാകുന്നത് നല്ലതാണെന്ന് തോന്നുന്നു

X. റൂളിംഗ്

മി. സ്പീക്കർ: അനൗദ്യോഗികാംഗങ്ങളുടെ ബില്ലുകൾ സഭ മുമ്പാകെ വരുന്നതിനും യഥാർഹം ചർച്ച ചെയ്യുന്നതിനും, ആവശ്യമായ സമയം സിദ്ധിക്കുന്നില്ലെന്ന കാര്യം ഇവിടെ പല പ്രാവശ്യം ഉന്നയിക്കപ്പെട്ടു. കേരള സംസ്ഥാനം രൂപീകരിച്ച ശേഷം പുതിയ നടപടി ചട്ടങ്ങൾക്ക് രൂപം നൽകുന്നതിനായി നിയമിക്കപ്പെട്ട സ്പെഷ്യൽ കമ്മിറ്റി നിർമ്മിച്ച ചട്ടങ്ങൾ 1960 സെപ്റ്റംബർ 19-ാം തീയതി ഈ സഭ ചർച്ച ചെയ്യുകയും ആവശ്യമായ ഭേദഗതികളോടെ അംഗീകരിക്കുകയുമാണുണ്ടായത്. 1961 ജനുവരി 3-ന് നിലവിൽവന്നതും കാലാകാലം ഭേദഗതി ചെയ്തതുമായ ഇപ്പോഴത്തെ ചട്ടപ്രകാരം അനൗദ്യോഗികാംഗങ്ങളുടെ കാര്യത്തിന് വെള്ളിയാഴ്ച ദിവസമാണ് നീക്കിവച്ചിട്ടുള്ളത്. അപ്രകാരം കഴിഞ്ഞ 35 വർഷങ്ങളായി വെള്ളിയാഴ്ച ദിവസങ്ങളിലാണ് അനൗദ്യോഗികാംഗങ്ങളുടെ കാര്യം സഭ നടത്തുന്നത്. അനൗദ്യോഗിക ബില്ലുകൾക്ക് അർഹിക്കുന്ന സമയവും പ്രാധാന്യവും കിട്ടുന്നില്ല എന്നു ചൂണ്ടിക്കാണിക്കപ്പെട്ടപ്പോൾ മറ്റുപല ഇന്ത്യൻ സഭകളിലും നിലവിലുള്ളതുപോലെ ഒന്നിടവിട്ട വെള്ളിയാഴ്ചകൾ അനൗദ്യോഗികാംഗങ്ങളുടെ ബില്ലുകൾക്കും അവരുടെ പ്രമേയങ്ങൾക്കുമായി യഥാക്രമം എന്റെ മുൻഗാമി മുൻഗണനയും കൊടുത്തു.

വെള്ളിയാഴ്ച പന്ത്രണ്ടര മണിക്കും മറ്റു ദിവസങ്ങളിൽ ഒന്നര മണിക്കും ആണ് സഭ പിരിയുന്നത്. ആയതിനാൽ അനൗദ്യോഗികാംഗങ്ങളുടെ ദിവസം വെള്ളിയാഴ്ചയിൽനിന്ന് മറ്റേതെങ്കിലും ദിവസത്തേക്കു മാറ്റുന്നപക്ഷം ഗവൺമെന്റ് ബിസിനസ്സിനു ഒരു മണിക്കൂർ കുറവു വരുന്ന സാഹചര്യം സംജാതമാകും. അതുകൊണ്ട് കക്ഷി നേതാക്കൻമാർ കൂടിയാലോചിച്ച് അഭിപ്രായ ഐക്യം ഉണ്ടാക്കി നിയമസഭാ നടപടി ചട്ടങ്ങളിൽ വേണ്ട ഭേദഗതി വരുത്തി അനൗദ്യോഗികാംഗങ്ങളുടെ കാര്യം മറ്റൊരു ദിവസത്തേക്ക് മാറ്റുന്ന കാര്യം സജീവമായി പരിഗണിക്കുന്നതാണ്. അതുവരെ ഇന്നുള്ള നടപടി ക്രമങ്ങൾ തന്നെ തുടരാനേ സാധിക്കൂ.

XI. നിയമ നിർമ്മാണകാര്യം

1996-ലെ കേരള (പട്ടികജാതി-പട്ടികവർഗ്ഗ) ജാതി സർട്ടിഫിക്കറ്റ് നൽകൽ റഗുലേഷൻ ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

എക്സൈസ്, പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. പന്തളം സുധാകരൻ): സർ, 1996-ലെ കേരള (പട്ടികജാതി-പട്ടിക വർഗ്ഗ) റഗുലേഷൻ ഓഫ് ഇഷ്യൂ ഓഫ് കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്സ് ബിൽ ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ഞാൻ ഈ ബില്ലിനെ പിന്താങ്ങുന്നു.

ശ്രീ. പന്തളം സുധാകരൻ: 1996-ലെ കേരള (പട്ടികജാതി-പട്ടിക വർഗ്ഗ) റഗുലേഷൻ ഓഫ് ഇഷ്യൂ ഓഫ് കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് ബിൽ സാമൂഹ്യ സേവനം സംബന്ധിച്ച 6-ാം ബഡ്ജറ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. പന്തളം സുധാകരൻ: ഒരു പൊതുപ്രവർത്തകൻ എന്നുള്ള നിലയിലും ഒരു സംസ്ഥാനമന്ത്രി എന്നുള്ള നിലയിലും അങ്ങേയറ്റത്തെ അഭിമാനത്തോടും സന്തോഷത്തോടും കൂടിയാണ് ബഹുമാനപ്പെട്ട സഭ മുമ്പാകെ ഞാൻ ഈ ബിൽ അവതരിപ്പിക്കുന്നത്. 1996-ലെ കേരള (പട്ടിക

(അദ്ധ്യക്ഷവേദിയിൽ ശ്രീ. സി. കെ. ചന്ദ്രപ്പൻ)

ജാതി-പട്ടികവർഗ്ഗ) ജാതി സർട്ടിഫിക്കറ്റ് നൽകൽ റഗുലേഷൻ ബിൽ ഈ സഭയുടെ ചരിത്രത്തിൽ, പ്രത്യേകിച്ച് ദുർബലജനവിഭാഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്ന കാര്യത്തിൽ ഒരു പുതിയ അദ്ധ്യായത്തിനു തുടക്കം കുറിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഇക്കാര്യത്തിൽ ബഹുമാന്യരായ എല്ലാ അംഗങ്ങളുടേയും വിലപ്പെട്ട നിർദ്ദേശങ്ങൾ ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പ്രകടിപ്പിച്ച വികാരങ്ങളോട് ഞാൻ പൂർണ്ണമായും യോജിക്കുന്നു. ഇത് വളരെ അത്യാവശ്യമായ നിയമനിർമ്മാണമാണ്; ദുർബല വിഭാഗങ്ങൾക്ക് ആശ്വാസം നൽകുന്ന നടപടിക്രമവുമാണ്. അതിനു യാതൊരു തർക്കവുമില്ല. പക്ഷെ, ഇത് വേണ്ട വിധത്തിൽ ചർച്ച ചെയ്യുവാനോ, ഇതിനുവേണ്ട സംഭാവനകൾ അംഗങ്ങൾക്ക് നൽകുവാനോ ഉള്ള സമയം ഇല്ലാത്തതു കൊണ്ടാണ് നിങ്ങൾ പറഞ്ഞതനുസരിച്ച് ഞങ്ങൾ സമ്മതിച്ചത്. പക്ഷെ പ്രധാനപ്പെട്ട ബിൽ ഒരു ഫുൾ സ്റ്റാറ്റ്യൂട്ടാണ്. ആ സ്റ്റാറ്റ്യൂട്ടിനെ സംബന്ധിച്ച് ഒരു കോൺട്രിബ്യൂഷൻ ഞങ്ങൾക്ക് ആർക്കും തന്നിട്ടില്ല. നിങ്ങൾ ഇതിനകത്ത് ഒരു സ്ക്രീനിംഗ് കമ്മിറ്റിയേയും ഒരു സ്ക്രൂട്ടണി കമ്മിറ്റിയേയും വച്ചിട്ടുണ്ട്. ആ രണ്ട് കമ്മിറ്റികളുടേയും ഫംഗ്ഷൻ സംബന്ധിച്ച് ഓവർലാപ്പിംഗ് വരും. ഞാൻ പറയുന്നത് ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണം. അതുപോലെതന്നെ ഇത് ഒപ്പീനിയനുവേണ്ടി ആനുഷ്ഠാപദേശത്ത് അയക്കേണ്ടിവരും. ഇതിനുവേണ്ട നിർദ്ദേശം വച്ച് ഇത് കുറ്റമറ്റതാക്കി തീർക്കണമെന്ന ആഗ്രഹം ഉണ്ടായിരുന്നു. ആ സമയം നിങ്ങൾ ഇല്ലാതാക്കി എന്ന ഖേദകരമായ വസ്തുത ഈ സഭ മുമ്പാകെ പറയുകയാണ്. ബില്ലിനെ ഞാൻ സർവ്വാത്മനാ സ്വാഗതം ചെയ്യുന്നു.

ശ്രീ. പന്തളം സുധാകരൻ: ശ്രീ. വർക്കല രാധാകൃഷ്ണൻ പറഞ്ഞത് അതിനേറ്റതായ ഗൗരവത്തിൽ സ്വീകരിക്കുകയാണ്. കാരണം അദ്ദേഹം പറഞ്ഞത് വളരെ ന്യായമായ കാര്യമാണ്. അതുകൂടി ഉദ്ദേശിച്ചു കൊണ്ടാണ് ഈ ബിൽ അവതരിപ്പിക്കുന്നത്. ഭരണഘടനയുടെ 46-ാം അനുഛേദപ്രകാരം പട്ടികജാതി-പട്ടികവർഗ്ഗക്കാരെ സകലവിധ ചൂഷണങ്ങളിൽനിന്നും സംരക്ഷിക്കുക എന്നത് സർക്കാരിന്റെ കടമയാണ്. എന്നാൽ നമ്മുടെ സംസ്ഥാനത്ത് വളരെ വർഷങ്ങളായി നടന്നുവരുന്ന, പ്രത്യേകിച്ച് വ്യാജ ജാതി സർട്ടിഫിക്കറ്റ് ഉപയോഗിച്ച് തൊഴിലും

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസാനുകൂല്യങ്ങളും മറ്റും തട്ടിയെടുക്കുന്നവരുടെ എണ്ണം കൂടിവരികയാണ്. ഈ വ്യാജ ജാതി സർട്ടിഫിക്കറ് ഉപയോഗിച്ച് ആനുകൂല്യങ്ങൾ നേടുന്നത് ക്യാറകരമാക്കുന്നതിനും, അങ്ങനെ നേടിയ ആനുകൂല്യങ്ങൾ റദ്ദാക്കുന്നതിനും വേണ്ടിയുള്ള നിയമമാണിത്. ഇന്ത്യയിൽത്തന്നെ ആന്ധ്രാപ്രദേശിൽ മാത്രമാണ് ഈ നിയമം നടപ്പിലാക്കിയിട്ടുള്ളത്. കർണ്ണാടകത്തിൽ ഇല്ല. പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ആദ്യത്തെ ബില്ലാണിത്. നിലവിലുള്ള ഉത്തരവ് അനുസരിച്ച് വ്യാജ ജാതി സർട്ടിഫിക്കറ് ഉപയോഗിച്ച് ആനുകൂല്യങ്ങൾ നേടിയെടുത്തവരെ കണ്ടുപിടിച്ച് ആ സർട്ടിഫിക്കറ് ക്യാൻസൽ ചെയ്തു ജോലിയിൽനിന്നും പിരിച്ചുവിടാനും നൽകിയ ആനുകൂല്യങ്ങൾ തിരിച്ചുപിടിക്കുവാനും മാത്രമെ കഴിയുകയുള്ളൂ. എന്നാൽ സർട്ടിഫിക്കറ് നൽകിയവരുടെ പേരിലും, ആനുകൂല്യങ്ങൾ സ്വീകരിച്ചവരുടെ പേരിലും നിയമപരമായ ശിക്ഷണനടപടികൾക്ക് ഇപ്പോൾ കഴിയുകയില്ല. ഇവിടെ അവതരിപ്പിച്ച പുതിയ നിയമംവഴി അതിനുകൂടി സാദ്ധ്യമാകും. കേരളത്തിൽ ഏതാണ്ട് ഇതുവരെ 2270 കേസുകൾ വ്യാജ സർട്ടിഫിക്കറ് ഉപയോഗിച്ച് വിദ്യാഭ്യാസ, ഉദ്യോഗ ആനുകൂല്യങ്ങൾ നേടിയിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിൽത്തന്നെ 152 കേസ്സുകളിൻമേൽ നടപടിക്രമങ്ങൾ പൂർത്തിയായെങ്കിലും കോടതിയുടെ സ്റ്റേമൂലം അവരുടെപേരിൽ നടപടിയെടുക്കാൻ കഴിയാത്ത സ്ഥിതിയാണ്. ഈ നിയമത്തിൽ വ്യാജ സർട്ടിഫിക്കറ് നൽകിയ ഉദ്യോഗസ്ഥനും തെറ്റായ വിവരങ്ങൾ നൽകി വ്യാജ സർട്ടിഫിക്കറ് നേടിയെടുത്ത ആളിനും പരമാവധി ശിക്ഷ 'രണ്ടു വർഷം കഠിനതടവും 5,000 രൂപ പിഴയും' എന്ന വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കേരളത്തിൽ എല്ലാ ജനവിഭാഗങ്ങൾക്കും, എല്ലാ സാമൂഹ്യ രാഷ്ട്രീയ നേതൃത്വത്തിലും, സഭാംഗങ്ങൾക്കും, അങ്ങേക്കും താല്പര്യമുള്ള കേരളത്തിലെ ദുർബല ജനവിഭാഗങ്ങളുടെ ഉദ്യോഗം അല്ലെങ്കിൽ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ തട്ടിയെടുക്കുന്നത് പരിപൂർണ്ണമായും ഒരു ക്രിമിനൽ കുറ്റമായി കണ്ടുകൊണ്ട് ശിക്ഷണനടപടികൾ സ്വീകരിച്ച് ഇത് ഇല്ലാതാക്കുന്നതിന് ഉതകുന്ന സമഗ്രമായ നിയമം തീർച്ചയായും അതിന്റേതായ ഗൗരവത്തിൽ അംഗങ്ങൾ എടുത്തതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. കൂടുതൽ കൂടുതൽ നിർദ്ദേശങ്ങളും, അതുപോലെതന്നെ ആവശ്യമായ മാറ്റവും വരുത്തി ഇത് ഒരു കുറ്റമറ്റ നിയമമാക്കി മാറ്റുവാൻ നിങ്ങളുടെ എല്ലാപേരുടേയും സഹകരണം അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ബിൽ അവതരിപ്പിക്കുന്നു.

ശ്രീ. സി. പി. ബാലൻ വൈദ്യർ: ഈ ബിൽ ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നതിനുവേണ്ടി അങ്ങയുടെ അനുവാദം ഇപ്പോൾ ആവശ്യമാണ്. അങ്ങയുടെ തീരുമാനത്തെ ചോദ്യം ചെയ്യുന്നില്ല. പുതിയ ബിൽ മലയാളത്തിൽത്തന്നെ സഭയിൽ അവതരിപ്പിക്കണമെന്ന നടപടിക്രമം പൂർത്തിയാക്കണമെന്നു അങ്ങയുടെ മുൻഗാമികളുടെ കാലത്ത് റൂളിംഗ് ഉണ്ട്. ഇതൊരു പുതിയ ബില്ലാണ്. ഇംഗ്ലീഷിലുള്ള മൂല ബില്ലുകൾക്ക് ഒരു ബിൽ കൊണ്ടുവരുമ്പോൾ അത് ഇംഗ്ലീഷിൽ ആകുന്നത് മനസ്സിലാക്കാം. എന്നാൽ ഒരു പുതിയ ബിൽ അവതരിപ്പിക്കുന്ന ഘട്ടത്തിൽ അത് ഇംഗ്ലീഷിൽ കൊണ്ടുവരുന്നത് ശരിയല്ല എന്ന് റൂളിംഗ് ഉണ്ട്. മാത്രമല്ല സമൂഹത്തിൽ വിദ്യാഭ്യാസപരമായി ഏറ്റവും പിന്നോക്കം നില്ക്കുന്ന വിഭാഗത്തിന് ഇത് മനസ്സിലാക്കാൻ പ്രയാസമുണ്ട്. അവർക്ക് മനസ്സിലാവാതിരിക്കാൻവേണ്ടിയാണ് ബഹുമാനപ്പെട്ട മന്ത്രി ഇത് ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നത് എന്നുപോലും സംശയിക്കേണ്ടിയി

LIBRARY ARCHIVES Kerala Legislative Assembly

രിക്കുന്നു. അതുകൊണ്ട് ഈ ബിൽ ഇംഗ്ലീഷിൽ അവതരിപ്പിച്ചതിന്റെ ബുദ്ധിമുട്ട് അങ്ങ് മനസ്സിലാക്കി എന്തെങ്കിലും ചെയ്യാൻ കഴിയുമോ എന്ന് നോക്കണം. അങ്ങയുടെ തീരുമാനത്തിൽ മാറ്റംവരുത്താൻ കഴിഞ്ഞാൽ അത് ഉപകാരമാണെന്നാണ് എനിക്ക് പറയുവാനുള്ളത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം ശരിയാണ്. മേലിൽ കഴിയുന്നതും വേണമെന്ന് പറഞ്ഞിട്ടുണ്ട്. ഏതു സാഹചര്യത്തിൽ ആണെന്ന് പരിശോധിച്ചിട്ട് നാളെ അതിനു മറുപടി പറയാം.

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്): സർ, ''ബിൽ'' ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഇവിടെ അവതരിപ്പിച്ച ബില്ലിനെ സർവ്വാത്മനാ സ്വാഗതം ചെയ്യുന്നുവെങ്കിലും ഇതിന്റെ അവതരണത്തിൽ ഉത്ക്കണ്ഠയുമുണ്ട് എന്ന് പറയാതിരിക്കാൻ എനിക്ക് നിർവ്വാഹമില്ല. കാരണം വളരെ പ്രധാനപ്പെട്ട ഒരു ബില്ലാണിത്. ഈ ബിൽ വേണ്ടത്ര ഗൗരവത്തോടെ ഉൾക്കൊണ്ടുപോകാൻ വ്യാപകമായ ചർച്ചയ്ക്ക് അവസരം ലഭിക്കാതെ പോയതിൽ പ്രതിഷേധമുണ്ട്. മാത്രമല്ല സമൂഹത്തിലെ ദുർബല വിഭാഗത്തെ ബാധിക്കുന്ന ഒരു പൊതുപ്രശ്നത്തെ സംബന്ധിച്ച ഈ ബിൽ ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ചതിൽ ശക്തമായ പ്രതിഷേധം ഉണ്ടെന്ന് അറിയിക്കുകയാണ്. ഇവിടെ ബിൽ അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് നമ്മുടെ സംസ്ഥാനത്ത് നിലവിലുള്ള 2270 വ്യാജ ജാതി സർട്ടിഫിക്കറ്റ് കേസ്സുകളിൽ 152 എണ്ണത്തിൽ മാത്രമാണ് നടപടി സ്വീകരിച്ചിട്ടുള്ളതെന്നാണ്. ഞങ്ങളൊക്കെ വളരെക്കാലമായി നിയമ സഭയിൽ വളരെ ശക്തമായി പറഞ്ഞിട്ടുള്ള പ്രധാനപ്പെട്ട വിഷയമായിരുന്നു നമ്മുടെ സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അവകാശങ്ങളും ആനുകൂല്യങ്ങളും സംവരണങ്ങളും സൗജന്യങ്ങളും വ്യാജ ജാതി സർട്ടിഫിക്കറ്റ് ഉപയോഗിച്ച് തട്ടിയെടുത്ത് സർവ്വീസിലായാലും മറ്റ് വ്യത്യസ്ത മേഖലകളിലായാലും കയറിക്കൂടിയ ആളുകളുടെ പേരിൽ നടപടിയെടുക്കണമെന്നുള്ളതാണ്. എന്നാൽ, പലപ്പോഴും അത്തരം കേസുകളിൽ തീർപ്പ് കൽപ്പിക്കുന്നതിൽ ഗവൺമെന്റും കുറ്റകരമായ വീഴ്ചവരുത്തി എന്നാണ് എന്റെ അഭിപ്രായം. ഇത്തരം കേസുകൾ അന്വേഷിക്കുന്നതിനു വേണ്ടി കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന ക്രൈംബ്രാഞ്ച് സ്പെഷ്യൽ അന്വേഷണം പൂർത്തീകരിച്ച പല കേസുകളും ഇന്ന് ഗവൺമെന്റിന്റേയും മുഖ്യമന്ത്രിയുടേയും ബന്ധപ്പെട്ട മന്ത്രിയുടേയും പരിഗണനയ്ക്കായി സമർപ്പിക്കുകയാണ്. അത്തരം കേസുകളിന്മേൽ തീർപ്പ് കല്പിക്കാൻ കാലതാമസമുണ്ടാക്കി കോടതിയിൽനിന്ന് സ്റ്റേ വാങ്ങിക്കുകയാണ്. അങ്ങനെയുള്ള കേസുകളിൽ തീർപ്പ് കല്പിക്കുന്നതിൽ നമ്മുടെ ഗവൺമെന്റ് കുറ്റകരമായ അനാസ്ഥ കാട്ടിയെന്ന് പറഞ്ഞാൽ അധികമാവുകയില്ല എന്നാണ് എനിക്ക് തോന്നുന്നത്. കാസർഗോഡ് ജില്ലയിൽ മോഗർ എന്നു പറയുന്ന ഒരു സമുദായമുണ്ട്. അത് പട്ടികജാതിയാണ്. മോഗർ പട്ടികജാതിയും മുകയാ ഒ.ബി.സി.-യുമാണ്. മുകയാ സമുദായത്തിൽപ്പെടുന്ന ആളുകൾ മോഗർ സമുദായത്തിന്റെ സർട്ടിഫിക്കറ്റ് വാങ്ങി നമ്മുടെ സംസ്ഥാനത്ത് ഉന്നതങ്ങളിലെത്തുന്നുണ്ട്. ഒരു ഉദ്യോഗസ്ഥന്റെ പേര് മാത്രമേ പറയാൻ ഞാൻ ഉദ്ദേശിക്കുന്നുള്ളൂ, പൊതുമരാമത്ത് വകുപ്പിൽ ജോലിചെയ്യുന്ന കെ. നാരായണൻ. അദ്ദേഹം ഇപ്പോൾ കോഴിക്കോട് സൂപ്രണ്ടിംഗ് എഞ്ചിനീയറാണ്. അദ്ദേഹം യഥാർത്ഥത്തിൽ മുകയാ സമുദായത്തിൽപ്പെടുന്ന ആളാണ്. അദ്ദേഹം മാത്രമല്ല അദ്ദേഹത്തിന്റെ കുടുംബത്തിലെ 14ഓളം അംഗങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ഇതുപോലെ വ്യാജ സർട്ടിഫിക്കറ്റ് ഹാജരാക്കി ഉന്നതങ്ങളിൽ ജോലി ചെയ്യുന്നുണ്ട്. അത്തരത്തിലുള്ള ആളുകളുടെ കേസുകളാണ് ഞാൻ പലപ്പോഴായി ഈ നിയമസഭയിൽ ഉന്നയിച്ചിട്ടുള്ളത്. പക്ഷേ, ആ ആളുകൾ ഇന്നും സർവ്വീസിൽ തുടരുന്നുണ്ട്. അത് പറയുമ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറയുമായിരിക്കും അദ്ദേഹം കോടതിയിൽപ്പോയി സ്റ്റേ വാങ്ങിയിരിക്കുമെന്ന്. അതല്ല ആവശ്യം. ഇത്തരം ഒരു ബിൽ അവതരിപ്പിക്കുമ്പോഴെങ്കിലും ഞങ്ങൾക്കുള്ള ഉൽക്കണ്ഠ മനസ്സിലാക്കണം. ഈ ബിൽ നിയമമാകാൻ പോവുകയാണല്ലോ. വ്യാജ സർട്ടിഫിക്കറ്റ് സമ്പാദിക്കുന്നവരെ മൂന്ന് മാസത്തിനകം ശിക്ഷിക്കും അല്ലെങ്കിൽ പിഴ ഈടാക്കുമെന്നൊക്കെ പറയുന്നത് ശരിയാണെങ്കിൽപ്പോലും ഇന്നും 2270 പേർ കോടതിയിൽനിന്ന് സ്റ്റേ സമ്പാദിച്ച് സർവ്വീസിൽ തുടരുകയാണ്. അതുകൊണ്ട് ഈ ബില്ലിന് മുൻകാല പ്രാബല്യം നൽകി കുറ്റമറ്റ ഒരു നിയമമാക്കി മാറ്റിയെടുക്കാൻ ഗവൺമെന്റ് ശ്രദ്ധിക്കണം, ശ്രമിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

ശ്രീ. കെ. പ്രകാശ് ബാബു: സർ, ഒരു ഉന്നതനായ ജില്ലാ പോലീസ് ഉദ്യോഗസ്ഥൻ ജില്ലാ പോലീസ് സൂപ്രണ്ട് വ്യാജ ജാതി സർട്ടിഫിക്കറ്റ് സമ്പാദിച്ച് അങ്ങയുടെ ജില്ലയിൽ സൂപ്രണ്ടായിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അതിൽ 'കീർത്താഡ്സ്' അന്വേഷണം നടത്തി സർട്ടിഫിക്കറ്റ് വ്യാജമാണെന്ന് ബോദ്ധ്യപ്പെടുകയും അതിന്റെ അടിസ്ഥാനത്തിൽ മറ്റൊരു അന്വേഷണം നടത്തി അയാളുടെ സർട്ടിഫിക്കറ്റ് കൃാൻസൽ ചെയ്യണമെന്നും നടപടിയെടുക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള ഫയൽ ബന്ധപ്പെട്ട മന്ത്രിയും മുഖ്യമന്ത്രിയും ഉൾപ്പെടെയുള്ള ആളുകൾ കണ്ടതിനുശേഷവും ഇതുവരെ നടപടിയെടുക്കാൻ കഴിയാതെ ചീഫ് സെക്രട്ടറി പൂഴ്ത്തി വച്ചിരിക്കുകയാണെന്നുള്ള കാര്യം അങ്ങേക്ക് അറിയാമോ? ഈ ഗവൺമെന്റ് വ്യാജ ജാതി സർട്ടിഫിക്കറ്റിനെ സംബന്ധിച്ച് ഇതൊക്കെ പറയുന്നുവെങ്കിലും നിലവിലുള്ള നിയമത്തിൽ ശിക്ഷിക്കാനുള്ള വ്യക്തമായ വകുപ്പുകളുണ്ടായിട്ടും ഒരു നടപടിയുമെടുക്കാൻ കഴിയാതെ തെരഞ്ഞെടുപ്പ് അടുത്തുവരുന്ന സമയത്ത് ജനങ്ങളെ കബളിപ്പിക്കുന്നതിനുവേണ്ടി കൊണ്ടുവരുന്ന ഒരു ബില്ലാണെന്നുള്ള കാര്യം അങ്ങേക്ക് അറിയാമോ?

ശ്രീ. എം. നാരായണൻ (ഫോസ്ദുർഗ്ഗ്): സർ, തീർച്ചയായും എനിക്ക് അതറിയാം. അതുപോലെതന്നെ നേരത്തേ ഒരു എസ്.പി.-യുടെ കാര്യം പറഞ്ഞല്ലോ. എന്റെ ജില്ലയായ കാസർഗോഡ് ജില്ലയിലാണ് അദ്ദേഹം ഉണ്ടായിരുന്നത്. അദ്ദേഹം ആലപ്പുഴക്കാരനാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, അഴിമതി വിരുദ്ധൻമാരായ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ശ്രീ. സുധീരനും അടങ്ങിയ ക്യാബിനറ്റ് ഇങ്ങനെയൊരു തീരുമാനമെടുത്തതിൽ ബഹുമാനപ്പെട്ട മെമ്പർക്ക് അവരെപ്പറ്റിയുള്ള അഭിപ്രായമെന്താണ്?

മി. ചെയർമാൻ: ഈ ബില്ലിന്റെ ചർച്ചയ്ക്ക് അധികം സമയമില്ലെന്ന് അറിയാമല്ലോ. അതുകൊണ്ട് മി. നാരായണൻ ഇനി മറ്റുള്ളവരുടെ ചോദ്യത്തിന് വഴങ്ങാതെ കൺക്ലൂഡ് ചെയ്യണം.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. വി. എം. സുധീരൻ): സർ, ബഹുമാനപ്പെട്ട കൃഷ്ണൻകുട്ടി വ്യാജ സർട്ടിഫിക്കറ്റുകാരെ പ്രോൽസാഹിപ്പിക്കുന്നു എന്നുള്ള ആക്ഷേപം വല്ലതും അങ്ങയുടെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്): സർ, ആ വിവാദത്തിലേക്ക് ഞാൻ കടക്കുന്നില്ല.

ശ്രീ. ബി. രാഘവൻ: സർ, വ്യാജ സർട്ടിഫിക്കറ് നേടി ജോലി സമ്പാദിച്ച ഉദ്യോഗസ്ഥൻമാരെ സംരക്ഷിക്കുന്നതാണ് ഈ ഗവൺമെൻറിന്റെ നിലപാടെന്നുള്ളത് അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്): സർ, അത് എനിക്ക് അറിയാം. ഇപ്പോൾ ഇവിടെ വിവാദമായി ചർച്ച ചെയ്യപ്പെട്ട എസ്.പി.-യുടെ പേരിൽ അന്വേഷണം നടത്തി സസ്പെൻറ് ചെയ്തില്ലെന്ന് മാത്രമല്ല അദ്ദേഹം പ്രൊമോഷനുവേണ്ടി ശ്രമിക്കുന്നു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

മി. ചെയർമാൻ: ഈ ബില്ലിന് റിട്രോസ്പെക്ടീവ് ഇഫക്ട് ഉണ്ടായാൽ പറ്റുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ: സർ, വ്യാജ സർട്ടിഫിക്കറ് ഉണ്ടാക്കി നിയമനം ലഭിച്ചവരെ സംരക്ഷിക്കുന്നതുപോലെതന്നെ നമ്മുടെ പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ ഒരു പട്ടികവർഗ്ഗക്കാരന് കിട്ടേണ്ട അവിടത്തെ മാനേജരുടെ പോസ്റ് അദ്ദേഹത്തിന് കൊടുക്കാതെ മറ് ഉയർന്ന ജാതിക്കാർക്ക് കൊടുത്ത് അവിടെ പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ നിയമം ഇല്ലാതാക്കിയ ഒരു മന്ത്രിയാണ് ശ്രീ. പന്തളം സുധാകരൻ എന്നുള്ള കാര്യം അറിയാമോ?

എക്സൈസ്, പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. പന്തളം സുധാകരൻ): സർ, ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ പറഞ്ഞ ഒരുകാര്യം ശരിയാണ്. കാരണം, അങ്ങനെ ഒരു നിയമനം നടത്തിയത് ശ്രീ. കൃഷ്ണൻ കണിയാംപറമ്പിലിന്റെ നേതാവ് നേതൃത്വം നൽകുന്ന ഗവൺമെൻറിന്റെ കാലത്താണ്.

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ: സർ, ബഹുമാനപ്പെട്ട പന്തളം സുധാകരൻ പറഞ്ഞത് 100 ശതമാനവും സത്യവിരുദ്ധമാണ്. അദ്ദേഹം ഉദ്ദേശിച്ചത് ശ്രീ. പി. കെ. രാജുവിനെയാണ്. അദ്ദേഹത്തിന്റെ കാലത്തല്ല നിയമിച്ചത്. അതിന്റെ തൊട്ടുമുമ്പുള്ള ശ്രീ. കരുണാകരൻ (1982-1987-ലെ) ഗവൺമെൻറിന്റെ കാലത്താണ് അവിടെ നിയമനം നടന്നത്. ആ നിയമനത്തിന് അംഗീകാരവും സംരക്ഷണവും ഇപ്പോൾ കൊടുത്തത് ശ്രീ. പന്തളം സുധാകരനാണ്.

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്): സർ, ആ വിഭാഗത്തിൽപെടുന്ന ഒരാൾ എന്നുള്ള നിലയിൽ എനിക്ക് ഈ ബില്ലിനെക്കുറിച്ച് ഉത്ക്കണ്ഠയുണ്ട്. നാളെ ഞങ്ങളുടെ സമൂഹത്തിലെ ആളുകളോട് കാര്യങ്ങൾ വെട്ടിത്തുറന്ന് പറയാൻ കഴിയണമെങ്കിൽ ഈ ബിൽ സജീവമായി ചർച്ച ചെയ്യപ്പെടണം.

ശ്രീ. ടി. നാണുമാസ്റർ: സർ, ഇപ്പോൾ അങ്ങനെയൊരു പരാമർശത്തിലേക്ക് പോകേണ്ട. മുൻ ഗവൺമെൻറിലെ മന്ത്രിയാണെന്നൊന്നും കുററപ്പെടുത്തേണ്ട. ഈ നിയമസഭയിൽത്തന്നെ അങ്ങും ഞാനും ഉൾപ്പെടെയുള്ള നിരവധി പേർ വ്യാജ സർട്ടിഫിക്കറ് കരസ്ഥമാക്കി സർവ്വീസിൽ തുടരുന്ന ആളുകൾക്കെതിരായിട്ട് വിശദമായി ചോദ്യങ്ങൾ ചോദിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

അതിൽ ഇത്രയിത്ര ആളുകളും ഉണ്ടെന്നും ഇന്നയിന്ന പോസ്റ്റുകളിൽ ഇരിക്കുന്നു എന്നും. മറുപടി പറഞ്ഞത് അങ്ങേയ്ക്ക് അറിയാം. അതേയവസരത്തിൽ വ്യാജ സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയ ആളുകൾക്ക് പ്രൊമോഷൻ നൽകി ആദരിക്കുന്ന ഒരു ഗവൺമെൻറാണ് ഇതെന്നും ഈ വകുപ്പിലെ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും അദ്ദേഹം വ്യാജ സർട്ടിഫിക്കറ്റ് കൂടാതെ സമുദായപരിവർത്തനത്തിനു് ആഗ്രഹിക്കുന്ന ഒരാളാണെന്നുമുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം. നാരായണൻ: സർ, അത് എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ശ്രീ. പന്തളം സുധാകരൻ: സർ, ബഹുമാനപ്പെട്ട നാരായണനെ ഈ പീഡനത്തിൽനിന്ന് ഒഴിവാക്കണം.

മി. ചെയർമാൻ: ബഹുമാനപ്പെട്ട മന്ത്രിയോട് ഒരു കാര്യം ചോദിക്കാനുണ്ട്. ഇവരെല്ലാം ബഹളം കൂട്ടുന്നതിന്റെ അടിസ്ഥാനം അങ്ങ് മനസ്സിലാക്കണം. വ്യാജ സർട്ടിഫിക്കറ്റ് വാങ്ങിവന്ന ചില ആളുകളെ ആരുടെകാലത്ത് നിയമിച്ചാലും അവർ ഉദ്യോഗത്തിൽ തുടരുന്നു. അതുകൊണ്ട് ഈ നിയമത്തിനു് റിട്രോസ്പെക്ടീവ് ഇഫക്ട് കൊടുക്കുമോയെന്നുള്ള കാര്യമാണ് ചോദിക്കുന്നത്.

ശ്രീ. ബി. രാഘവൻ: സർ, അങ്ങിപ്പോഴും ഈ സഭയുടെ ശ്രദ്ധയിൽ പെടുത്തിയത് വളരെ ഗൗരവമുള്ള ഒരു കാര്യമാണ്. ഇൻഡ്യയ്ക്കാകെ മാതൃകയെന്നുള്ള നിലയിൽ ഫലപ്രദമായി നടപ്പാക്കാൻ
11 a. m.] പോകുന്ന ഒരു നിയമമാണിത്. അവശത അനുഭവിക്കുന്ന ജനവിഭാഗങ്ങളെ കബളിപ്പിക്കാൻ വേണ്ടി, അവരെ വഞ്ചിച്ച് അവർക്ക് കിട്ടാനുള്ള ആനുകൂല്യങ്ങളും അവരിൽനിന്നും തട്ടിപ്പറിച്ച് കൊണ്ടുപോകുന്ന വഞ്ചനാപൂർവ്വമായ ഒരവസ്ഥാവിശേഷം ഇന്ന് നമ്മുടെ നാട്ടിൽ സംജാതമായിട്ടുണ്ട്. അങ്ങ് ഇവിടെ പ്രകടിപ്പിച്ച വികാരത്തോടു് പരിപൂർണ്ണ യോജിപ്പ് പ്രകടിപ്പിച്ചുകൊണ്ട് റൂളൊട്ട, അക്കാര്യത്തെക്കുറിച്ച് വേണ്ടത്ര പരിശോധന നടത്തുന്നില്ല. ഗവൺമെൻറ് ആ കർത്തവ്യത്തിൽ നിന്നും മാറി മാറി പോവുകയാണ്.

മി. ചെയർമാൻ: എന്തായാലും അംഗങ്ങൾക്കുള്ള വികാരം ചെയർ മനസ്സിലാക്കുന്നു. സബ്ജക്റ്റ് കമ്മിറ്റിയിൽ ഈ ബിൽ ചർച്ചയ്ക്കു വരുമ്പോൾ അതേക്കുറിച്ച് കൂടുതലായിട്ട് പറയാം.

ശ്രീ. ബി. രാഘവൻ: സബ്ജക്റ്റ്സ് കമ്മിറ്റിയിൽ ചർച്ചയ്ക്കു വരുന്ന അവസരത്തിൽ അങ്ങിപ്പോൾ പ്രകടിപ്പിച്ച വികാരത്തോട് ഗവൺമെൻറിന്റെ നിലപാട് എന്താണെന്ന് വിശദമാക്കിയാൽ തരക്കേടില്ല.

ശ്രീ. പന്തളം സുധാകരൻ: ബഹുമാനപ്പെട്ട അങ്ങും മറ്റ് അംഗങ്ങളും പറഞ്ഞ നിർദ്ദേശങ്ങൾ സബ്ജക്റ്റ്സ് കമ്മിറ്റിയിൽ തീർച്ചയായും വിശദമായി ചർച്ച ചെയ്യപ്പെടും. ആ കമ്മിറ്റിയുടെ അദ്ധ്യക്ഷൻ ശ്രീ. വി. എം. സുധീരനാണ്. അക്കാര്യങ്ങളെക്കുറിച്ച് വളരെ ഗൗരവമായി ചർച്ച നടത്തുന്നതാണ്.

മി. ചെയർമാൻ: അതുകൊണ്ട് ശ്രീ. സുധീരനോടും മന്ത്രിയോടും എനിക്ക് പറയാനുള്ളത് കഴിയുന്നത്ര അനുഭവപൂർവ്വം അത് പരിഗണിക്കണമെന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്)]: സർ, അപ്പോഴും നമ്മുടെ വിദ്യാഭ്യാസ മേഖലയിലെ കാര്യമെടുക്കാം. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്കായി 10 ശതമാനം സീറ്റ് ഇപ്പോഴും എം. ബി. ബി.എസ്., എൻജിനീയറിംഗ് തുടങ്ങിയ കോഴ്സുകൾക്ക് നീക്കിവച്ചിട്ടുണ്ട്. എന്നാൽ ആ സംവരണം ചെയ്യപ്പെട്ട സീറ്റുകളിൽ അഡ്മിഷൻ നേടിയിട്ടുള്ളത് യഥാർത്ഥത്തിൽ അതിനർഹതയുള്ളവർ തന്നെയാണോ എന്ന കാര്യവും പരിശോധിക്കേണ്ടതായിട്ടുണ്ട്. അതുപോലെ മറ്റൊരു കാര്യം പറയുവാനുള്ളത് 10 ശതമാനം കോട്ട അവർക്കായി നീക്കിവച്ചിട്ടുള്ളതിനെ കുറിച്ചാണ്. ഗവൺമെന്റിന്റെ കണക്കനുസരിച്ച് ആ 10 ശതമാനം കോട്ടയിലെ അഡ്മിഷനുകളും പൂർത്തീകരിച്ചിട്ടുണ്ടാവാം. അഡ്മിഷൻ കിട്ടിയിട്ടുള്ള ആ 10 ശതമാനം കോട്ടയിൽപ്പെടുന്ന ആളുകളുടെ നിജ സ്ഥിതി പരിശോധിക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. കാരണം അനർഹരായിട്ടുള്ള ആളുകളാണ് ആ പത്ത് ശതമാനത്തിൽ എം. ബി. ബി. എസ്., എഞ്ചിനീയറിംഗ് സീറ്റുകളും കരസ്ഥമാക്കിയിട്ടുള്ളത്. അനർഹമായി സീറ്റ് തട്ടിയെടുത്തവരെ കണ്ടുപിടിച്ച് അവരുടെ മേൽ കർക്കശമായ നടപടി സ്വീകരിക്കണം. പലരും അനർഹമായി വ്യാജജാതി 'സർട്ടിഫിക്കറ്റ്' കരസ്ഥമാക്കി പ്രൊഫഷണൽ കോഴ്സുകളിലേക്കുള്ള അഡ്മിഷനുകളും നേടിയിട്ടുണ്ട്. വ്യാജസർട്ടിഫിക്കറ്റുകളും കരസ്ഥമാക്കി ഇപ്പോഴും അത്തരം കോഴ്സുകളിൽ തുടരുന്നവർക്കെതിരെയും നടപടി ആവശ്യമായിട്ടുണ്ട്. എന്നാൽ ഗവൺമെന്റ് അക്കാര്യത്തിൽ വേണ്ട നടപടി ഒന്നും തന്നെ സ്വീകരിച്ചുകണ്ടില്ല. ഒരു എസ്. പി. യുടെ കാര്യവും അദ്ദേഹത്തിന്റെ മകന്റെ കാര്യവും ഞാൻ നേരത്തെ പറഞ്ഞിരുന്നു. ആ എസ്. പി.-യുടെ മകൻ കോഴിക്കോട് എഞ്ചിനീയറിംഗ് കോളേജിൽ പഠിക്കുകയാണ്. പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ സൗജന്യം ഉപയോഗപ്പെടുത്തിയാണ് ആ കോഴ്സിലേക്ക് പഠിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് എനിക്ക് ഗവൺമെന്റിനോടാവശ്യപ്പെടാനുള്ളത് ഇത്തരം കാര്യങ്ങളിൽ വൈകിയാണെങ്കിലും അതിനുവേണ്ട നടപടി സ്വീകരിക്കണമെന്നാണ്. തട്ടിപ്പ് നടത്തിയിട്ടുള്ളവരെ കണ്ടുപിടിച്ച് അവരുടെമേൽ കർക്കശമായ നടപടി സ്വീകരിക്കണം. അതുകൊണ്ട് ഒരു നിയമ നടപടി സ്വീകരിച്ച് തട്ടിപ്പ് നടത്തിയവരെ കണ്ടുപിടിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനും വേണ്ട ഏർപ്പാട് ഉണ്ടാക്കണം. അക്കാര്യം വ്യാപകമായ രീതിയിൽ ചർച്ച ചെയ്യപ്പെടണം. ഈ വിഭാഗത്തിൽപ്പെടുന്ന ആളുകളെന്ന നിലയ്ക്ക് ഇക്കാര്യത്തിൽ ഞങ്ങൾക്കുള്ള ഉത്കണ്ഠയും ഇതോടൊപ്പം രേഖപ്പെടുത്തുകയാണ്. അതുകൊണ്ട് ഇക്കാര്യം സജീവമായി സബ്ജക്റ്റ് കമ്മിറ്റിയിൽ ചർച്ച ചെയ്യപ്പെടണം. ഇതൊരു കുറ്റമറ്റ നിയമമാക്കി മാറ്റിയെടുക്കുന്നതിന് ഇതിലുള്ള പോരായ്മകളെക്കുറിച്ച് ചർച്ച ചെയ്ത് പരിഹാരമുണ്ടാക്കുന്നതിനായി ഈ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാനവതരിപ്പിക്കുന്നു.

[ശ്രീ. പി. രാഘവൻ: സർ, "ഈ ബിൽ" പൊതുജനാഭിപ്രായം ആരായുന്നതിനായി 1996 മാർച്ച് 31 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാനവതരിപ്പിക്കുന്നു.

ഈ ബില്ലിന്റെ പ്രിയാംബിളിൽ പറയുന്ന കാര്യങ്ങളോട് ഞാൻ പൂർണ്ണമായിട്ടും യോജിക്കുകയാണ്. വ്യാജ സർട്ടിഫിക്കറ്റുകളും നേടി പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ആനുകൂല്യങ്ങളും നേടിയെടുക്കുന്നത് തടയുന്നതിനുവേണ്ടിയാണ് ഈ ബിൽ അവതരി

പ്പിക്കുന്നതെന്ന് ബില്ലിന്റെ പ്രിയാംബിളിൽ പറയുന്നുണ്ട്. അതിനോട് പൂർണ്ണമായും യോജിക്കുന്നു. എങ്കിലും ഈ അവസരത്തിൽ ഈ ബിൽ കൊണ്ടുവന്നതിന്റെ ഉദ്ദേശശുദ്ധിയിൽ എനിക്ക് സംശയമുണ്ട്. കാരണം കഴിഞ്ഞ 5 കൊല്ലക്കാലം ഈ ഗവൺമെന്റ് അധികാരത്തിലിരുന്നിട്ടും ഇത്തരമൊരു നിയമനിർമ്മാണത്തിനു മുതിരാതെ വരാൻ പാകുന്ന തെരഞ്ഞെടുപ്പിനെ മുന്നിൽ കണ്ടുകൊണ്ടല്ലേ ഇത്രയും ധൃതിപിടിച്ച് ഒരു നിയമനിർമ്മാണത്തിനുള്ള വ്യഗ്രത കാണിക്കുന്നത്. ഈ ഗവൺമെന്റിനു ഹരിജനങ്ങളോടുള്ള സ്നേഹവും കൂറുമൊന്നുമല്ല ഇതിന്റെ പിന്നിലുള്ളത്. ശ്രീ. ആൻറണിയേക്കാളും ഹരിജനങ്ങളോട് അങ്ങേയറ്റത്തെ സ്നേഹമുള്ള ആളാണ് മുൻ മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ. അദ്ദേഹത്തിന്റെ പിൻതുടർച്ചക്കാരായിട്ടാണല്ലോ ശ്രീ. ആൻറണി ഇവിടെ മുഖ്യമന്ത്രിയായി വന്നിട്ടുള്ളത്. ഹരിജനങ്ങളോട് സ്നേഹവും വികാരതീവ്രതയും ഉണ്ടായിരുന്ന ശ്രീ. കെ. കരുണാകരൻ മൂന്നരവർഷക്കാലം ഇവിടെ ഭരിച്ചിരുന്നില്ലേ? ഹരിജനങ്ങളുടെ ആനുകൂല്യങ്ങളും തട്ടിയെടുക്കുന്നതു തടയുന്നതിനുവേണ്ട എന്തെങ്കിലും നടപടിയോ നിയമനിർമ്മാണമോ നടത്താൻ അദ്ദേഹം എന്താണ് താൽപ്പര്യം കാണിക്കാതിരുന്നതെന്ന കാര്യം ഇത്തരുണത്തിൽ ഓർക്കേണ്ടതായിട്ടുണ്ട്. ഈ നിയമ നിർമ്മാണത്തിനു പിന്നിലുള്ള നിങ്ങളുടെ ഉദ്ദേശശുദ്ധി വെളിവാക്കുന്നതല്ലേ ഈ വൈകിയവേളയിൽ കൊണ്ടുവന്നിട്ടുള്ള ഈ നിയമ നിർമ്മാണമെന്ന് ഞാൻ ചോദിക്കുകയാണ്. ശ്രീ. കരുണാകരൻ മുഖ്യമന്ത്രിയായിരുന്നപ്പോഴും ശ്രീ. സുധാകരൻ പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിന്റെ മന്ത്രിയായിരുന്നില്ലേ? ആ സമയത്ത് അദ്ദേഹത്തോട് ഇത്തരമൊരു നിയമനിർമ്മാണം നടത്താനായി ആവശ്യപ്പെടാമായിരുന്നില്ലേ? ഇത്രയും കാലം ഇങ്ങനെയൊരു ബിൽ കൊണ്ടുവരാൻ അദ്ദേഹത്തിന് തോന്നിയിട്ടില്ല. ഒരു ദിവസം ഈ ബില്ലിന്റെ ചർച്ചയ്ക്കുവേണ്ടി മാത്രം മാറ്റിവയ്ക്കേണ്ടതാണ്. അതിനുപോലും സമയം കണ്ടെത്താൻ ഈ ഗവൺമെന്റിനു കഴിഞ്ഞിട്ടില്ല. കേവലം 30 മിനിറ്റാണ് ഇതിന്റെ ചർച്ചയ്ക്ക് മാറ്റിവച്ചിട്ടുള്ളത്. ഈ ബില്ലിന്റെ ഏതെങ്കിലും വകുപ്പുകളെ സംബന്ധിച്ച പ്രശ്നം മാത്രമല്ല ശ്രീ. നാരായണൻ ഇപ്പോൾ അവതരിപ്പിച്ചത്. പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ മറ്റ് വിഭാഗത്തിൽപെട്ടവർ തട്ടിയെടുക്കുന്ന ധാരാളം സംഭവങ്ങൾ നമ്മുടെ മുൻപിലുണ്ട്. ഇത് സംബന്ധിച്ച് ഓരോ അംഗങ്ങൾക്കും ധാരാളം കാര്യങ്ങൾ പറയുവാനുണ്ട്. അവർക്ക് അത് പറയാനുള്ള അവസരമുണ്ടാക്കിക്കൊടുക്കേണ്ടത് ഗവൺമെന്റിന്റെ കർത്തവ്യമാണ്. എന്നാൽ അതിനൊന്നും നിങ്ങൾക്ക് സമയമില്ല. അംഗങ്ങൾക്ക് സഭയിൽ പറയാനവസരം കൊടുത്തുകൊണ്ട് അതിന്റെ അടിസ്ഥാനത്തിൽ ബില്ലിന് രൂപം കൊടുക്കേണമായിരുന്നു. പക്ഷേ അതിന് സമയമില്ല. മന്ത്രിക്ക് തന്നെ ഒരുപാട് കാര്യങ്ങൾ പറയാനുണ്ടാവും. എന്നാൽ അതിനൊന്നും സമയമില്ല. ഇതിനകത്ത് രണ്ട് കാര്യങ്ങളുണ്ട്. നിയമസഭയെ പ്രഹസനമാക്കി മാറ്റുകയെന്ന ഗവൺമെന്റിന്റെ നയം ഇക്കാര്യത്തിലും തുടരുകയാണ്. മറ്റൊന്ന് നമ്മൾ ഒരു പൊതുതെരഞ്ഞെടുപ്പിലേക്ക് പോവുകയാണ്. ബില്ലുകൾ പാസ്സാക്കി നടപ്പിലാക്കുന്നത് സംബന്ധിച്ച് ധാരാളം പ്രശ്നങ്ങളുണ്ട്. ഞങ്ങൾ നിയമസഭയിൽ ഈ ബില്ലുകളെല്ലാം പാസ്സാക്കിയിരിക്കുന്നു എന്ന് പൊതുജനമദ്ധ്യത്തിൽ പറയുന്നതിനുവേണ്ടി, തെരഞ്ഞെടുപ്പ് സ്റ്റണ്ടിനുവേണ്ടിയാണ് ഇതൊക്കെ കാണിക്കുന്നതെന്ന കാര്യം എല്ലാവർക്കുമറിയാവുന്നതാണ്. അതുകൊണ്ടാണ് ഒരു തെരഞ്ഞെടുപ്പ് സ്റ്റണ്ട് എന്നുള്ള

LIBRARY ARCHIVES Kerala Legislative Assembly

നിലയിൽ കൊണ്ടുവന്നിരിക്കുന്നു, ഈ ബില്ലിന്റെ ഉദ്ദേശശുദ്ധിയെ ഞങ്ങളും ചോദ്യം ചെയ്യുന്നത്. വ്യാജ സർട്ടിഫിക്കറുകളും സമ്പാദിച്ചിട്ടുള്ളവർക്കെതിരായി നടപടി എടുക്കാൻ ഇൻഡ്യൻ പീനൽകോഡും ക്രിമിനൽ പ്രൊസീഡിയർ കോഡുമൊക്കെ ഇല്ലേ? അവയുടെ അടിസ്ഥാനത്തിൽ വേണമെങ്കിൽ വ്യാജ സർട്ടിഫിക്കറ് നേടി തട്ടിപ്പു നടത്തുന്നവർക്കെതിരെ നടപടി എടുക്കാവുന്നതല്ലേയുള്ളൂ.

ശ്രീ. കെ. കൃഷ്ണൻകുട്ടി: ഇൻഡ്യയിൽ നാഗാലാൻഡിലും വടക്ക് കിഴക്കൻ മേഖലകളിലും പണ്ട് മിശ്രവിവാഹിതർക്കും ഹരിജനങ്ങൾക്കും നാഗാലാൻഡിലെ ആദിവാസികളുടെ സർട്ടിഫിക്കറ് കൊടുത്തിരുന്നു. അങ്ങനെയുള്ള മിശ്ര വിവാഹിതർക്ക് ഈ ആനുകൂല്യം കൊടുക്കാൻ പാടില്ലെന്ന് അവിടത്തെ ഗവൺമെൻറ് ഇപ്പോൾ ഒരു നിയമമുണ്ടാക്കിയിട്ടുണ്ട്. കേരളത്തിലും ഇങ്ങനെ മിശ്രവിവാഹിതരായിട്ടുള്ള ഹരിജനങ്ങളുടെ കുട്ടികൾക്കുള്ള ആനുകൂല്യം നിഷേധിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കാനും അക്കാര്യം ഈ ബില്ലിനകത്ത് ഉൾപ്പെടുത്താനും വേണ്ട നടപടി സ്വീകരിക്കുന്നതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്? ഉദാഹരണത്തിന് നമ്മുടെ മന്ത്രിയുടെ കുട്ടികളുടെ കാര്യം തന്നെ എടുക്കുക, അവർക്ക് ഹരിജനങ്ങളുടെ സർട്ടിഫിക്കറ് വാങ്ങുന്നതിനുള്ള നടപടി ഇല്ലാതാക്കുകയാണ് വേണ്ടത്. അതുപോലെ മിശ്രവിവാഹിതർ ഹരിജനങ്ങളുടെ ആനുകൂല്യം നൽകുന്ന സമ്പ്രദായം ഇല്ലാതാക്കുകയാണ് വേണ്ടത്. ഇവിടെ ഒരു ഹരിജൻ മറെറാരു ഹരിജനെ കല്യാണം കഴിച്ച് ഹരിജനങ്ങളെ ഉദ്ധരിക്കുന്നതിനുപകരം ഒരു ഉയർന്ന സമുദായത്തിലെ പെൺകുട്ടിയെ കല്യാണം കഴിച്ച് അവരെ ഉദ്ധരിക്കാനല്ലല്ലോ അനുവദിക്കേണ്ടത്. അതുകൊണ്ട് ഹരിജൻ, ഹരിജനെ തന്നെ വിവാഹം കഴിക്കുന്നതല്ലേ നല്ലത്. എന്നാൽ അതിനു മുതിരാതെ ഹരിജനങ്ങളായിട്ടുള്ളവർ ഉയർന്ന സമുദായങ്ങളിലെ പെൺകുട്ടികളെ വിവാഹം കഴിക്കുന്നത് തടയാനും അതുവഴി ഹരിജനങ്ങളായിട്ടുള്ളവരെ ഉദ്ധരിക്കാനും വേണ്ട നടപടി പ്രോൽസാഹിപ്പിക്കുകയല്ലേ വേണ്ടത്? ഹരിജനങ്ങൾ ഉയർന്ന സമുദായങ്ങളിലേക്ക് പോകുന്നത് തടയാനും അതുപോലെ ഹരിജനങ്ങൾക്ക് പ്രോൽസാഹനം കിട്ടാനും മിശ്രവിവാഹിതർക്കുള്ള സർട്ടിഫിക്കറ് കൊടുക്കുന്നത് ഒഴിവാക്കാനും വേണ്ടിയുള്ള ഒരു വകുപ്പുകൂടി ഈ ബില്ലിനകത്ത് ചേർക്കാൻ ആവശ്യമായ നിർദ്ദേശം മെമ്പറുടെ ഭാഗത്തു നിന്നും വയ്ക്കുമോ?

ശ്രീ. ബി. രാഘവൻ: സർ, ഇവിടെ ഈ ബില്ലിന്റെ വകുപ്പ് തിരിച്ചുള്ള ചർച്ച വരുമ്പോൾ അതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് നമുക്ക് അമെൻറ്മെൻറ് വേണമെങ്കിൽ കൊടുക്കാം. അതല്ലെങ്കിൽ സബ്ജക്റ്റ്സ് കമ്മിറ്റിയിൽ ചർച്ചയ്ക്ക് വരുമ്പോൾ അക്കാര്യം കൂടി ഉൾപ്പെടുത്തുന്നതിന് ശുപാർശ ചെയ്യാം.

ശ്രീ. പി. രാഘവൻ: ഈ ചോദ്യത്തിൽ രാഘവന് താൽപ്പര്യമുണ്ടെന്ന കാര്യം എനിക്കറിയാം.

ശ്രീ. എ. പത്മകുമാർ: കെ. കരുണാകരൻ ഇവിടെ മുഖ്യമന്ത്രിയായിരുന്ന കാലത്തും ഹരിജനപ്രേമം പറയുന്നതല്ലാതെ പ്രവൃത്തിയിൽ അവർക്കുവേണ്ടി ഒന്നും ചെയ്തിട്ടില്ലായെന്നും ആ മന്ത്രിസഭയിലും ശ്രീ. പന്തളം സുധാകരൻ മന്ത്രിയായിരുന്നു എന്ന കാര്യവും അങ്ങേയ്ക്കറിയില്ലേ? ചില കാര്യങ്ങളിലെങ്കിലും ശ്രീ. പന്തളം സുധാകരന് ഹരിജനപ്രേമമില്ലെന്ന് ബോദ്ധ്യപ്പെട്ടതുകൊണ്ടല്ലേ അവർക്ക് ഈ സംശയം ഇപ്പോൾ വന്നിട്ടുള്ളതെന്ന് ഞാൻ ചോദിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. രാഘവൻ: അല്ല. ശ്രീ. പത്മകുമാറിന്റെ അടുത്ത ആളാണ് ശ്രീ. പന്തളം സുധാകരൻ എന്ന കാര്യം ഞങ്ങൾക്കെല്ലാം അറിയാം. ശ്രീ. പന്തളം സുധാകരനെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ അറിയാവുന്നത് ശ്രീ. പത്മകുമാറിനാണ്. അതുകൊണ്ട് അക്കാര്യങ്ങളിലേക്ക് ഞാൻ വിശദമായി പോകുന്നില്ല. ഇന്ന് പട്ടികജാതിക്കാർക്ക് അർഹതപ്പെട്ടിട്ടുള്ള ആനുകൂല്യങ്ങൾ എത്രയെത്ര ആളുകളാണ് വാങ്ങിച്ചുകൊണ്ടിരിക്കുന്നത്? ഇലക്ട്രിസിറ്റി, റോഡുകൾ, കുടിവെള്ളം എന്നിവയുടെ കാര്യം എടുത്താൽ ഹരിജനങ്ങളുടെ പേരിൽ എന്തുമാത്രം ആനുകൂല്യങ്ങളാണ് മറ്റുള്ളവർ തട്ടിയെടുത്തുകൊണ്ടിരിക്കുന്നതെന്ന് ബോദ്ധ്യമാകും. പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ പേരും പറഞ്ഞ് കേരളത്തിലെ വടക്കൻ ജില്ലകളിൽ റോഡുകൾ, ഇലക്ട്രിസിറ്റി, കുടിവെള്ളം എന്നിവയിലെ ആനുകൂല്യം പറഞ്ഞുകൊണ്ടിരിക്കുന്ന കാഴ്ച എല്ലാവരും കാണുന്നതാണ്. യഥാർത്ഥത്തിൽ അവിടെ ഒന്നോ രണ്ടോ പട്ടികജാതിക്കാരോ പട്ടികവർഗ്ഗക്കാരോ കണ്ടെന്നിരിക്കും, ബാക്കിയുള്ളവരെല്ലാംതന്നെ മറ്റുവിഭാഗത്തിൽപെടുന്നവരാണ്. എന്നിരുന്നാലും പട്ടികജാതിക്കാരുടെ ആനുകൂല്യങ്ങൾ ഹരിജനങ്ങളുടെ പേരുപറഞ്ഞുകൊണ്ട് മാറ്റുള്ളവരാണ് അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ഇത് തടയുന്നതിന് വളരെ സമഗ്രമായ ഒരു നിയമം ആവശ്യമാണ്. എന്നാൽ ഇത്തരം തട്ടിപ്പുകൾ തടയുന്നതിന് ഈ ഗവൺമെന്റിന് താൽപ്പര്യമോ സമയമോ ഇല്ല. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഇവിടത്തെ ജനങ്ങളെ കബളിപ്പിക്കാനുള്ള ധാരാളം വാഗ്ദാനങ്ങൾ ദിവസവും പറയുകയാണ്. വെറും പൊള്ളയായ വാഗ്ദാനങ്ങൾ കൊടുക്കുക എന്നതിൽക്കവിഞ്ഞ് അവയൊന്നുംതന്നെ നടപ്പിലാക്കുന്നതിന് യാതൊരു താൽപ്പര്യവുമില്ല. ജനങ്ങളെ കബളിപ്പിക്കുകയെന്നത് ഇവരുടെ മുഖമുദ്രയായി മാറിയിരിക്കുകയാണ്. മുമ്പ് നടന്ന ഒരു കാര്യം ബഹുമാനപ്പെട്ട മന്ത്രിക്കുതന്നെ അറിയാം. പട്ടികജാതിക്കാർക്കുവേണ്ടി നീക്കിവച്ച 33 കോടിയോളം രൂപ ലാപ്സാക്കിയിട്ടുള്ള ഒരു ഗവൺമെന്റാണ് ഇത്. എന്നാൽ ആ തുക എന്തുകൊണ്ട് ലാപ്സ് ആക്കിയെന്നതിന് ഇന്നുവരെ വ്യക്തമായ ഒരു മറുപടി പറയാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് സാധിച്ചിട്ടില്ല. എന്നിട്ടും ഇവിടെ പറയുന്നത് പട്ടികജാതിക്കാരുടെ താല്പര്യങ്ങൾ സംരക്ഷിച്ച ഗവൺമെന്റാണ് ഇതെന്നാണ്. ഒരൊറ്റക്കാര്യം ഞാൻ ചോദിക്കട്ടെ. പതിനായിരക്കണക്കിന് ഏക്കർ മിച്ചഭൂമി ഇനിയും നമുക്ക് പിടിച്ചെടുക്കാനുണ്ട്. മിച്ചഭൂമി പിടിച്ചെടുത്ത് അതിന്റെ അഞ്ച് ശതമാനം പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് കൊടുക്കേണ്ടതാണ്. മിച്ചഭൂമി പിടിച്ചെടുക്കാൻവേണ്ടി എന്തു നടപടിയാണ് ഈ ഗവൺമെന്റ് എടുത്തിട്ടുള്ളത്? ഭൂമി കിട്ടിയാലല്ലേ സ്ഥിരമായി അവർക്ക് അവിടെ താമസിക്കാനും പല പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കാനും കഴിയൂ. എന്നാൽ ഹരിജനങ്ങൾക്ക് കിട്ടേണ്ട മിച്ചഭൂമി പിടിച്ചെടുത്ത് അവർക്ക് വിതരണം ചെയ്യുന്നതിനുവേണ്ടി യാതൊരു നടപടിയും സ്വീകരിക്കാൻ ഈ ഗവൺമെന്റ് ഇതേവരെ തയ്യാറായിട്ടില്ല.

ശ്രീ. ബി. രാഘവൻ: പാവപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്ക് അർഹതപ്പെട്ട ഭൂമി ലഭിക്കാതിരിക്കാൻ വേണ്ടിയാണ് ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രി ശ്രീ. മാണി ഈ ബിൽ ഇവിടെ കൊണ്ടുവന്നിട്ടുള്ളതെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. രാഘവൻ: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മിച്ചഭൂമി പിടിച്ചെടുക്കുന്നില്ലായെന്ന് മാത്രമല്ല ഗവൺമെന്റ് ഭൂമിയും അതുപോലെ മിച്ചഭൂമിയും പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ പേരിൽ സ്വന്തമാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഒരു നയാപൈസപോലും പട്ടികജാതിക്കാർക്ക് കൊടുക്കാതെ ഇന്ന് കൈവശംവച്ച് അനുഭവിച്ചുകൊണ്ടിരിക്കുന്ന നിരവധി സവർണ്ണ മേധാവികൾ ആ ജില്ലയിൽത്തന്നെ ഉണ്ട്. ഇതു സംബന്ധിച്ച് ധാരാളം പരാതികൾ ബി. ഡി. സി. യിലും അതുപോലുള്ള സമിതികളിലും കൊടുത്തിട്ടുണ്ടെങ്കിലും യാതൊരു നടപടിയും അവരുടെമേൽ സ്വീകരിക്കാൻ ബന്ധപ്പെട്ട ബ്ലോക്കുകളിലേയോ അതുപോലുള്ള സമിതികളിലേയോ ഉദ്യോഗസ്ഥൻമാർ തയ്യാറാകുന്നില്ല. ഭൂരഹിത കർഷകത്തൊഴിലാളികൾക്ക് നൂറു കണക്കിന് ഏക്കർ ഗവൺമെന്റ് ഭൂമിയുള്ള ജില്ലയാണ് കാസർകോട്. ഏതെങ്കിലുമൊരു പട്ടികജാതിക്കാരന്റെ പേരുപറഞ്ഞുകൊണ്ട് അവിടെയുള്ള ഗവൺമെന്റ് ഭൂമി അവർ കൈവശമാക്കിയിരിക്കുകയാണ്. അവിടെയുള്ള ഉദ്യോഗസ്ഥൻമാർക്ക് അക്കാര്യം നന്നായിട്ടറിയാവുന്നതുമാണ്. എന്നിരുന്നാലും തട്ടിപ്പുനടത്തിയിട്ടുള്ളവരുടെമേൽ നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ടവർപോലും തയ്യാറാകാത്ത ഒരവസ്ഥയാണ് അവിടെ നിലനിൽക്കുന്നത്. ഇത് പട്ടികജാതിക്കാരനുവേണ്ടിയല്ല എന്ന് ഉദ്യോഗസ്ഥൻമാർക്ക് നന്നായിട്ടറിയാം, എന്നിട്ടും സർക്കാരിന്റെ വക ഭൂമി പട്ടികജാതിക്കാരന്റെ പേരുപറഞ്ഞുകൊണ്ട് സവർണ്ണരായ മേധാവികൾ കൈവശമാക്കുകയാണ്. അവിടെയുള്ള ഭൂമി പട്ടികജാതിക്കാരന്റെ പേരിൽ റെക്കോഡിൽ എഴുതുകയും എന്നാൽ അത് ഒരിക്കലും പട്ടികജാതിക്കാരന് കൊടുക്കാതിരിക്കുകയും ചെയ്യുന്ന ഒരു സ്ഥിതിവിശേഷമാണ് കാസർകോട് ജില്ലയെ സംബന്ധിച്ചിടത്തോളം ഉള്ളത്. അത് സംബന്ധിച്ച് ഒട്ടേറെ പരാതികൾ കഴിഞ്ഞദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും കൊടുത്തു. എന്നാൽ അത് കാര്യമായി പരിഗണിക്കുകയോ അക്കാര്യത്തിൽ ഗൗരവമായി എന്തെങ്കിലും നടപടി എടുക്കുകയോ ചെയ്തതായി കാണുന്നില്ല. ഗവൺമെന്റ് നടപടി എടുക്കാൻ തയ്യാറാകുന്നില്ല എന്നതാണ് വസ്തുത. മറെറാരു കാര്യം എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. ഇപ്പോൾ സംസ്ഥാന കോ-ഓപ്പറേറീവ് ബാങ്കുകളിലെ നിയമനങ്ങളെല്ലാം പബ്ലിക് സർവ്വീസ് കമ്മീഷനു വിട്ടുകൊടുത്തു എന്നാണ് പറയുന്നത്. എന്നാൽ ഈ അടുത്ത കാലത്ത് വളരെ ധൃതിപിടിച്ച് നടന്നിട്ടുള്ള ജില്ലാ സഹകരണ ബാങ്കുകളിലെ നിയമനങ്ങളിൽ സംവരണമെന്തെങ്കിലും പാലിക്കാൻ തയ്യാറായിട്ടുണ്ടോ? ഇതിന്റെ പിന്നിൽ നടന്നിട്ടുള്ള കള്ളക്കളികളെക്കുറിച്ച് എനിക്ക് നന്നായിട്ടറിയാം. കാസർകോട് ജില്ലയിൽ ഓരോ ബാങ്കുകളിലെയും നിയമനങ്ങളിൽ ലക്ഷക്കണക്കിന് രൂപ കൈക്കൂലി വാങ്ങുമ്പോൾ അവരോട് മൽസരിക്കാൻ നമ്മുടെ ഹരിജനങ്ങൾക്ക് സാധിക്കുമോ? അവർക്ക് അർഹതപ്പെട്ട സംവരണം സഹകരണ ബാങ്കുകളിലെ നിയമനങ്ങളിൽ പാലിച്ചിട്ടില്ല. ഈ ഗവൺമെന്റ് നേരിട്ട് നടത്തുന്ന സംസ്കൃത സർവ്വകലാശാലയിലെ നിയമനങ്ങളിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാരന് നിയമനം സംവരണം ചെയ്തുകൊടുക്കാൻ കഴിഞ്ഞില്ലാ എന്നതിനെ കുറിച്ച് നിയമസഭയിൽ ചോദ്യം വന്നതാണ്. എന്നാൽ ആ സംസ്കൃത സർവ്വകലാശാലയിലേക്കുള്ള നിയമനങ്ങളിൽ ഒന്നുപോലും പട്ടികജാതിക്കാരനോ പട്ടികവർഗ്ഗക്കാരനോ വേണ്ടി സംവരണം ചെയ്യാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല എന്നതാണ് വസ്തുത. ഗവൺമെന്റ് പട്ടികജാതി-പട്ടികവർഗ്ഗക്കാരോട് ഈ ബില്ലിലൂടെ വളരെ സ്നേഹം പ്രകടിപ്പിക്കുകയാണല്ലോ. എന്നാൽ അവരുടെ ആ സ്നേഹത്തെക്കുറിച്ച് പറയുമ്പോൾ ഗവൺമെന്റ് നടപ്പിലാക്കേണ്ട കാര്യങ്ങൾ യാതൊന്നുംതന്നെ നടപ്പിലാക്കുകയോ നടപടികൾ സ്വീകരിക്കുകയോ ചെയ്യുന്നില്ലാ എന്നുള്ള വസ്തുത നമ്മെ സംബന്ധിച്ചിടത്തോളം ഇവിടെ നിലനിൽക്കുകയാണ്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് കേവലം വാഗ്ദാനങ്ങൾ മാത്രം നൽകുന്ന ഒരു ഗവൺമെന്റാണിതെന്ന്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ: അങ്ങിപ്പോഴും പറയുന്നത് സംസ്കൃത സർവ്വകലാശാലയിലേക്കുള്ള നിയമനങ്ങളിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് കിട്ടേണ്ട റിസർവേഷൻ കിട്ടിയിട്ടില്ലാ എന്നല്ലേ? അതിന്റെ വൈസ്ചാൻസലർ ആയ ചീഫ് സെക്രട്ടറിയെ കണ്ടാൽ ഒളിച്ചു നടക്കുന്ന ആളാണ് പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമവകുപ്പിന്റെ മന്ത്രിയായ ശ്രീ. പന്തളം **സു**ധാകരനെന്ന വിവരം അങ്ങേയ്ക്കറിയാമോ?

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. പി. രാഘവൻ: ബഹുമാനപ്പെട്ട കൃഷ്ണൻ കണിയാംപറമ്പിലിന് അതു സംബന്ധിച്ച് കൂടുതൽ കാര്യങ്ങളും അറിയാമല്ലോ? ചീഫ് സെക്രട്ടറിയെക്കുറിച്ച് നമുക്ക് അറിയാമല്ലോ?

സർ, എന്റെ ജില്ലയിൽ പട്ടികജാതിക്കാർക്കെതിരായി നടക്കുന്ന അക്രമങ്ങളുടെ എണ്ണം കൂടിക്കൊണ്ടിരിക്കുകയാണ്. ശ്രീ. സി. ടി. അഹമ്മദ് അലിയുടെ മണ്ഡലത്തിലെ വെള്ളൂർ പഞ്ചായത്തിൽ പട്ടികജാതി യുവതി തൊഴിലിനുവേണ്ടി ബീഡി തെറുത്ത് ആ ബീഡിയുമായിട്ട് പോകുന്ന അവസരത്തിൽ ഒരു പട്ടാളക്കാരൻ ആ സ്ത്രീയെ ക്രൂരമായി ബലാൽസംഗം ചെയ്തു. ഞാൻ ആ സംഭവം നേരിട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി. ഇന്നുവരെ ആ പട്ടാളക്കാരനെ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടില്ല. നമ്മുടെ രാജ്യത്തെ വളരെ പ്രധാനപ്പെട്ട ആളാണല്ലോ പട്ടാളക്കാരൻ. അദ്ദേഹത്തിനെതിരെ നടപടിയെടുക്കാൻ തയ്യാറായിട്ടില്ല. ആ സ്ത്രീയുടെ അച്ഛൻ മുഖ്യമന്ത്രിയെ ഇക്കാര്യം അറിയിച്ചു എങ്കിലും ഇതൊന്നും ശ്രദ്ധിക്കാൻപോലും അദ്ദേഹം തയ്യാറായിട്ടില്ല. അതുപോലെതന്നെ ഹോസ്ദുർഗ്ഗ് മണ്ഡലത്തിലെ പാലത്തൂരിൽനിന്ന് ഡസൻ കണക്കിന് ആദിവാസി സ്ത്രീകളെ ജോലിക്കാണെന്ന് പറഞ്ഞ് സവർണ്ണ മേധാവികൾ കൊണ്ടുപോകുന്നു. അവർ തിരിച്ചുവരുന്നില്ല. ചിലപ്പോൾ അവരുടെ ജഡം കാണുന്നു. ഈ സംഭവത്തെക്കുറിച്ച് ഈ നിയമസഭയിൽ പ്രശ്നം ഉന്നയിച്ചില്ലേ? കേസ് എടുക്കാനോ ആ സ്ത്രീകളെ സഹായിക്കാനോ തയ്യാറായിട്ടില്ല. അവർക്ക് പരാതിപറയാൻ മാത്രമേ സാധിക്കൂ. ഈ സ്ത്രീകളെ സവർണ്ണമേധാവികൾ വന്ന് പിടിച്ചുകൊണ്ടുപോകുമ്പോൾ തടഞ്ഞുനിറുത്താൻപോലും സാധിക്കാതെ കണ്ണീരും കയ്യുമായി കഴിയാനെ അവർക്ക് കഴിയൂ. ആ സവർണ്ണമേധാവികൾക്ക് എതിരായി നടപടിയെടുക്കുന്നില്ല. സ്ത്രീകളെ ബോംബെയിലേക്കും പെൺവാണിഭ കേന്ദ്രങ്ങളിലേക്കും കൊണ്ടുപോകുമ്പോൾ അതിനെതിരായി ഒരു നടപടിയുമെടുക്കാൻ ഗവൺമെൻറ് തയ്യാറാകുന്നില്ല. എന്നിട്ടും പട്ടികജാതിക്കാരുടെ ആളുകളാണ് ഞങ്ങളെന്ന് ഭരണപക്ഷത്തുള്ള ആളുകൾ പറയുകയാണ്. നാളെ തെരഞ്ഞെടുപ്പ് വരുമ്പോൾ ഇതൊക്കെയായി പോകാമെന്ന ഉദ്ദേശശുദ്ധിയെയാണ് ഞാൻ ഇവിടെ ചോദ്യം ചെയ്യുന്നത്. ഇതുമായി ബന്ധപ്പെട്ട മറ്റു പ്രശ്നങ്ങൾ ഇതിന്റെ വകുപ്പുതിരിച്ചുള്ള ചർച്ചയിൽ അവസരം കിട്ടുമെങ്കിൽ പറയാം.

ശ്രീ. വർക്കല രാധാകൃഷ്ണൻ: സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വരുമ്പോൾ ശ്രദ്ധിക്കേണ്ട ഒന്നുരണ്ട് കാര്യങ്ങളാണ് പറയുന്നത്. അതിൽ പ്രധാനമായിട്ടുള്ളത്, ഹിയറിംഗ് കമ്മിറ്റിയാണ്. മറ്റൊന്ന്, കോംപിറ്റന്റ് അതോറിറ്റിയാണ്. കോംപിറ്റന്റ് അതോറിറ്റിയെന്ന് പറഞ്ഞാൽ എന്താണ് നിങ്ങൾ ഉദ്ദേശിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

എക്സൈസ്, പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. പന്തളം സുധാകരൻ): സർ, ബഹുമാനപ്പെട്ട മെമ്പർമാർ പ്രകടിപ്പിച്ച വികാരങ്ങളോട് ആർക്കും അഭിപ്രായവ്യത്യാസമില്ല. ഈ ചർച്ചയിൽ പങ്കെടുക്കാത്തവരും പങ്കെടുത്തിട്ട് കാര്യങ്ങൾ വിശദമായി പറയാൻ സമയക്കുറവുകൊണ്ട് കഴിയാത്തവരും പ്രത്യേക നിർദ്ദേശമായി എഴുതിതന്നാൽ തീർച്ചയായും സബ്ജക്ട് കമ്മിറ്റിയിൽ പരിശോധിക്കുന്നതാണ്. സബ്ജക്ട് കമ്മിറ്റിയിൽ വിശദമായ ചർച്ചയ്ക്കുശേഷം ആവശ്യമായ ഭേദഗതികളോടുകൂടി ഈ ബിൽ നിയമസഭയിൽ കൊണ്ടുവരാവുന്നതാണ്. ഞാൻ ആമുഖമായി പറഞ്ഞതിൽ കൂടുതലായി ഒന്നും പറയാൻ ഉദ്ദേശിക്കുന്നില്ല. ഇത് സബ്ജക്ട് കമ്മിറ്റിക്ക് വിടണമെന്ന പ്രമേയം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.....ബഹളം.....

മി. സ്പീക്കർ: സബ്മിഷന്റെ സമയം മുതൽ നമ്മൾ ഒരു ധാരണയുടെ അടിസ്ഥാനത്തിൽ പോവുകയാണ്. ചെയറിനോട് സഹകരിക്കാൻ നിങ്ങൾ തയ്യാറാകണം. നമ്മൾ നിശ്ചിത സമയത്ത് തീർക്കാമെന്നുള്ള ധാരണയിലാണ് വന്നത്. ഒരു വിഷയം കഴിയുമ്പോൾ ഓരോ സ്റ്റേജിലും സമയം അനുവദിക്കാത്ത ആളുകൾപോലും സംസാരിച്ച് സഭ നീട്ടിക്കൊണ്ടുപോകുന്നത് ശരിയല്ല. ഇത് മെമ്പർമാരുടെ പ്രൈവറ്റ് ബിൽ ചർച്ചചെയ്യാനുള്ള സമയമാണ്. ദയവായി സഹകരിക്കണം. ഗവൺമെന്റ് ബിസിനസ് നടത്തണം. മെമ്പർമാർക്ക് സംസാരിക്കാൻ സമയം വേണം. എല്ലാത്തിനും തലനാരിഴ വാദം പറഞ്ഞാൽ ഓരോ കാര്യത്തിലും ചെയറും സ്ട്രിക്ടാകണം. ആ ഒരു സമീപനം ശരിയല്ല. ഇത് one way traffic അല്ല. ഇവിടെ ജനാധിപത്യ സംവിധാനത്തിൽ പാർട്ടി നേതാക്കൾ ഒത്തുചേർന്ന് ഒരു തീരുമാനമെടുത്താൽ അത് അംഗീകരിക്കാനുള്ള ധാർമ്മികമായ ചുമതല അതാത് പാർട്ടിയിലെ എം. എൽ. എ.-മാർക്ക് ഉണ്ട്. അത് അംഗീകരിച്ചില്ലെങ്കിൽ നമുക്ക് ഒരിഞ്ച് മുന്നോട്ടു പോകാൻ കഴിയുകയില്ല.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. സി. വി. പത്മരാജൻ): സർ, ഇത് വളരെയധികം ചർച്ച ചെയ്ത വിഷയമാണ്. കഴിഞ്ഞ ദിവസം വെള്ളിയാഴ്ച അനൗദ്യോഗികാംഗങ്ങളുടെ പ്രമേയം എന്നുള്ളത് മാറ്റി ഔദ്യോഗികമായിട്ടുള്ളത് ചർച്ച ചെയ്യാൻ വച്ചു. അതിനെ സംബന്ധിച്ച് ആദ്യം ധാരണയുണ്ടായിയെങ്കിലും, ബഹുമാനപ്പെട്ട മെമ്പറൻമാരുടെ എതിർപ്പുമൂലം ഇന്നലെ വീണ്ടും ബിസിനസ് അഡ്വൈസറി കമ്മിറ്റി കൂടി. ഇന്ന് അനൗദ്യോഗിക ബില്ലുകൾക്കുവേണ്ടി കൂടുതൽ സമയം കൊടുക്കുകയും അര മണിക്കൂർ മാത്രം ഈ ബില്ലിനുവേണ്ടി അലോട്ടു ചെയ്യുകയും ചെയ്യാം എന്ന് ബിസിനസ് അഡ്വൈസറി കമ്മിറ്റിയിൽ എല്ലാ കക്ഷിനേതാക്കൻമാരും കൂടിയിരുന്ന് എടുത്ത തീരുമാനമാണ്. ഇന്ന് അനൗദ്യോഗിക ദിവസത്തിന്റെ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ട് ഈ ബിൽ പാസ്സാക്കുന്നതിനുവേണ്ടിയുള്ളതാണ്, അതിൽ എല്ലാ അംഗങ്ങളും സഹകരിക്കണം.

ശ്രീ. പന്തളം സുധാകരൻ: സർ, എനിക്ക് ഒരു ക്ലാരിഫിക്കേഷനുണ്ട്. ബഹുമാനപ്പെട്ട ബാലൻ വൈദ്യർ ഉൾപ്പെടെയുള്ള ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞത് ഇത് ഒരു ഇലക്ഷൻ സ്റ്റണ്ടാണ്, അതുകൊണ്ടാണ് അവസാന നിമിഷത്തിൽ ഈ ബിൽ കൊണ്ടുവന്നതെന്നാണ്. ഞാൻ അത് പൂർണ്ണമായും നിഷേധിക്കുകയാണ്. രണ്ടുവർഷം മുൻപ് ഈ ബിൽ തയ്യാറാക്കിയതാണ്. അത് ക്യാബിനറ്റ് അംഗീകരിച്ചതുമാണ്. എന്നാൽ

LIBRARY ARCHIVES Kerala Legislative Assembly

അതിനുശേഷം സുപ്രീം കോടതിയുടെ ഒരു വിധി വന്നതിന്റെ അടിസ്ഥാനത്തിൽ അതുകൂടി ചേർക്കേണ്ടിവന്നതും കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭിക്കുന്നതിലുണ്ടായ കാലതാമസവും കൊണ്ടാണ് ഈ ബിൽ വൈകിയത്. സുപ്രീം കോടതിയുടെ അവസാന വിധിയുംകൂടെ ചേർത്താണ് ബിൽ തയ്യാറാക്കിയിട്ടുള്ളത്. അതാണ് കാലതാമസമുണ്ടായത്.

ശ്രീ. സി. പി. ബാലൻ വൈദ്യർ: സർ, നേരത്തെയുള്ള എന്റെ പോയിന്റ് ഓഫ് ഓർഡറിന് അങ്ങ് റൂളിംഗ് തരണം.

ശ്രീ. ഇ.പി. ജയരാജൻ: സർ, അങ്ങ് പറഞ്ഞതിനെ ധിക്കരിച്ചുകൊണ്ടും കാര്യോപദേശക സമിതിയുടെ നിർദ്ദേശങ്ങളും ലംഘിച്ചുകൊണ്ടുമല്ല ഇവിടെ അഭിപ്രായ പ്രകടനങ്ങളും നടത്തിയത്. പക്ഷേ ഇത്തരത്തിലുള്ള ഒരു നിയമം പാസ്സാക്കുമ്പോൾ ഗവൺമെന്റ് അതിൽ ആത്മാർത്ഥത കാണിക്കണമെന്നും എല്ലാവർക്കും താൽപ്പര്യമുള്ള ഒരു നിയമമായി അത് പാസ്സാക്കുന്നതിനുവേണ്ടിയുള്ള ഗഹനമായ ഒരു ചർച്ച ആവശ്യമാണെന്നും ആ കാര്യത്തിൽ ഗവൺമെന്റ് കാണിക്കുന്ന നിരുത്തരവാദപരമായ നിലപാടിനെയാണ് ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ പ്രതിഷേധിച്ചിട്ടുള്ളതെന്നുമുള്ള കാര്യം വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഭേദഗതികൾ സഭ നിരാകരിച്ചു.

1996-ലെ കേരള (പട്ടികജാതി–പട്ടികവർഗ്ഗ) ജാതി സർട്ടിഫിക്കറ്റ് നൽകൽ റഗുലേഷൻ ബിൽ.

സാമൂഹ്യസേവനം സംബന്ധിച്ച 6-ാം നമ്പർ സബ്ജക്ട് കമ്മിറ്റി ക്കയക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയച്ചു.

XII. അനൗദ്യോഗികാംഗങ്ങളുടെ കാര്യം

മി. സ്പീക്കർ: ഒരു കാര്യം ഞാൻ പറയാം. സാധാരണ അവതരണാനുമതിക്കുള്ള പ്രമേയങ്ങളും നറുക്കിട്ട് എടുക്കുകയാണ് ചെയ്യുന്നത്. ഈ പ്രാവശ്യം ആ കമ്മിറ്റി വളരെ ഉദാരമായി ഒരു തീരുമാനമെടുത്തു, നിലവിലുള്ള എല്ലാം അവതരിപ്പിക്കാമെന്ന്. ഞാൻ പിന്നെ ആ കീഴ്വഴക്കത്തിന്റെ തലനാരിഴയിൽ നിന്നില്ല. എല്ലാവരും 'സഹകരിച്ചാലേ പറ്റുകയുള്ളൂ. അല്ലെങ്കിൽ എടുക്കുന്നിടത്തോളം എടുത്ത് അവസാനിപ്പിക്കാം. എല്ലാവരും സഹകരിച്ച് എല്ലാം മൂവ് ചെയ്യാൽ ഒരവസരമുണ്ടാക്കണം.

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, ഇനി 45 മിനിറ്റേ ബാക്കിയുള്ളൂ. ഏകദേശം 110 മിനിറ്റുവേണം.

(i) റിപ്പോർട്ടുപരിഗണന

ശ്രീമതി റോസക്കുട്ടി ടീച്ചർ: സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 38-ാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly